## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -4577 13.11.2019-ലെ മറുപടി**

**സ്വകാര്യ ടാങ്കറുകളിൽ വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. സ്വരാജ് | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് സ്വകാര്യ ടാങ്കറുകളിൽ വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ നടപടി സ്വീകരിച്ചു വരുന്നുണ്ടോ; | എ) | കേരള ജല അതോറിറ്റി സ്വകാര്യ ടാങ്കറുകളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് അതോറിറ്റിയുടെ ഗുണനിലവാര പരിശോധനാ സംവിധാനം നിലവിലുണ്ട്. മറ്റു സ്രോതസ്സുകളിൽ നിന്ന് സ്വകാര്യ ടാങ്കറുകളിൽ വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്ന ചുമതല നിലവിൽ ജല അതോറിറ്റിയിൽ നിക്ഷിപ്തമല്ല.. |
| ബി) | ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ; | ബി) | കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം IS10500-2012 പ്രകാരം ഉറപ്പു വരുത്തുന്നതിന് എല്ലാ ജില്ലകളിലും ജല അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ ജില്ലാ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലെ ഉദ്യോഗസ്ഥർ കുടിവെള്ള പദ്ധതികൾ നിശ്ചിത ഇടവേളകളിൽ സന്ദർശിച്ച് സാമ്പിളുകൾ ശേഖരിച്ച് ജില്ലാ ലാബുകളിൽ അവ പരിശോധിക്കുകയും ആവശ്യമായ തുടർനടപടികൾക്കായി ബന്ധപ്പെട്ട വിതരണ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുകയും ചെയ്യുന്നു. |
| സി) | പ്രസ്തുത പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | സി) | പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേരള ജല അതോറിറ്റിയുടെ ജില്ലാ ലാബുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി NABL അംഗീകാരം നേടിയെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ